# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6147 — 10.7.2012-ൽ മറുപടിയ്ക്ക്

### കുട്ടനാട് നിയോജകമണ്ഡലത്തിൽ ' വീട്ടിൽ ഒരു മാവ് ' പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.തോമസ് ചാണ്ടി | ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കുട്ടനാട് നിയോജക മണ്ഡലത്തിൽ ' വീട്ടിൽ ഒരു മാവ്' പദ്ധതി ഹോർട്ടികൾച്ചർ മിഷന്റെ കീഴിൽ തയ്യാറാക്കുന്നതിന് കൈനകരി പഞ്ചായത്തിന് ശുപാർശ ചെയ്ത് സമർപ്പിച്ച അപേക്ഷകളിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ; | (എ) ആലപ്പുഴ ജില്ലയിൽ വീട്ടിൽ ഒരു മാവ് പദ്ധതി 2011-12 സാമ്പത്തിക വർഷത്തിൽ നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെങ്ങന്നൂർ മണ്ഡലത്തിലെ പാണ്ടനാട്, തിരുവൻവണ്ടൂർ , വെൺമണി , മുളക്കുഴ, ആല , ചെങ്ങന്നൂർ മുൻസിപ്പാലിറ്റി , ചെറിയനാട് , മാന്നാർ , ബുധനൂർ , പുലിയൂർ , ചെന്നിത്തല എന്നീ 11 പഞ്ചായത്തുകളിലാണ് നടപ്പിലാക്കിയത്. കൈനകരി പഞ്ചായത്തിനെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (ബി) പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ബി) സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ 2012-13 ലെ കർമ്മ പദ്ധതി പ്രകാരം 500 ഹെക്ടർ സ്ഥലത്ത് മാവിന്റെ വിളവിസ്തൃതി വ്യാപിപ്പിക്കുന്നതിന് ദേശീയ ഹോർട്ടികൾച്ചർ മിഷനിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. അത് നടപ്പ് സാമ്പത്തിക വർഷത്തിൽ ഏതൊക്കെ പഞ്ചായത്തു കളിലാണ് നടപ്പിലാക്കേണ്ടത് എന്നതിൽ തീരുമാനമായില്ല. |

Sreekumar (signature)

സെക്ഷൻ ഓഫീസർ